# ഖുർആൻ പഠനത്തിന് ശാസ്ത്രത്തിന്റെ ആവശ്യകത

**എ. മുഹമ്മദലി**

**പതിനേഴും** പതിനെട്ടും നൂറ്റാണ്ടുകളിൽ മതവും ശാസ്ത്രവും അവിശ്വാസത്തിന്റെ ദൃഷ്ടിയിലൂടെയാണ് പരസ്പരം വീക്ഷിച്ചിരുന്നത്. മതം മാനവ പുരോഗതിയുടെ മുമ്പിൽ വിലങ്ങടിച്ചു നിൽക്കുന്ന മൂഢ വിശ്വാസങ്ങളുടെ സമുച്ചയമാണെന്ന് ശാസ്ത്രപ്രേമികൾ വിശ്വസിച്ചു. മതത്തെയും ദൈവത്തെയും അന്ധമായെതിർക്കുകയാണ് ശാസ്ത്രകാരന്മാരുടെ ലക്ഷ്യമെന്നും ശാസ്ത്രത്തിന്റെ വളർച്ച മതത്തിന്റെ ശക്തിദുർഗങ്ങളെ തകർത്തു തരിപ്പണമാക്കിക്കളയുമെന്നും മതവിശ്വാസികളും ധരിച്ചുവെച്ചു. തത്ഫലമായി കാണുന്നേടത്തുവെച്ചെല്ലാം പരസ്പരം കൊത്തിക്കീറാൻ നിൽക്കുന്ന ആജന്മ വൈരികളെന്നപോലെയാണവർ അന്യോന്യം വർത്തിച്ചത്. തലമുറകളായി മനുഷ്യലോകം വെച്ചുപുലർത്തിയിരുന്ന വിശ്വാസ സിദ്ധാന്തങ്ങളെ പൊളിച്ചെഴുതാൻ ശ്രമിച്ചുവെന്ന പേരിൽ നിരവധി ശാസ്ത്രജ്ഞന്മാരെ മതാധികാരികൾ നിഷ്കരുണം കഴുവിലേറ്റി. മതക്കാരുടെ ദൈവത്തെ തങ്ങൾ നിഷ്കാസനം ചെയ്തിരിക്കുന്നുവെന്നും പ്രപഞ്ചത്തിന് ഇനിയൊരു ഭൗതികേതര വ്യാഖ്യാനം ആവശ്യമില്ലെന്നും ശാസ്ത്രജ്ഞന്മാരും പെരുമ്പറയടിച്ചു. വാസ്തവത്തിൽ ഇരു വിഭാഗത്തിന്റെയും അജ്ഞതയായിരുന്നു ഈ കോലാഹലങ്ങൾക്കെല്ലാം കാരണം.

## ശാസ്ത്രവും മതവും

പ്രപഞ്ചത്തെയും പ്രാപഞ്ചിക പ്രതിഭാസങ്ങളേയും സംബന്ധിച്ച അന്വേഷണമാണ് ശാസ്ത്രം. പരീക്ഷണ വിധേയമല്ലാത്ത അഭൗമ ശക്തികളേയോ മനുഷ്യ പ്രവർത്തനങ്ങളിലെ നന്മ തിന്മകളെയോ സംബന്ധിച്ച പ്രതിപാദനം ശാസ്ത്രത്തിന്റെ കൃത്യമല്ല. അദൃശ്യ ശക്തികളിലുള്ള വിശ്വാസത്തിലധിഷ്ഠിതമായ മതമാകട്ടെ ജീവിത വ്യാപാരങ്ങളിലെ നന്മതിന്മകളെയും ധർമ്മാധർമ്മങ്ങളെയുമാണ് വ്യവഹരിക്കുന്നത്. അതിനാൽ മതവും ശാസ്ത്രവും തമ്മിൽ സംഘട്ടനത്തിന്റെ ആവശ്യമില്ല; പരസ്പര പൂരകങ്ങളാണവ.

കോപ്പർനിക്കസിനേയും ഗലീലിയോവെയും പോലുള്ള അസംഖ്യം ശാസ്ത്രകാരന്മാരുടെ പേരിൽ ക്രൈസ്തവ ചർച്ചാധികാരികൾ സ്വീകരിച്ച നിഷ്ഠുര നടപടികളാണ് പൗരോഹിത്യത്തിനെതിരെ പടക്കളത്തിലിറങ്ങുവാൻ ശാസ്ത്രത്തെ നിർബന്ധിച്ചത്. മനുഷ്യന്റെ അദമ്യമായ അന്വേഷണ വാഞ്ഛയുടെ നേരെ വിവേകശൂന്യമായ നിലപാടവലംബിച്ച ക്രൈസ്തവപുരോഹിതന്മാർക്കെതിരിലാരംഭിച്ച പ്രസ്തുത സമരം അചിരേണ, മതത്തിന്നും ദൈവത്തിന്നും നേരെ തിരിയുകയാണുണ്ടായത്. എന്നാൽ ക്രിസ്തീയ പണ്ഡിതന്മാരും മതനേതാക്കളും തികച്ചും ശാസ്ത്രവിരുദ്ധമായ ഒരു നിലപാടാണ് കൈകൊണ്ടിരുന്നതെങ്കിൽ ആദ്യകാല മുസ്‌ലിം ഭരണാധികാരികളും ജനസാമാന്യവും ശാസ്ത്രത്തെയും ശാസ്ത്രകാരന്മാരേയും പ്രോത്സാഹിപ്പിക്കുകയും വളർത്തുകയുമാണ് ചെയ്തതെന്ന് ചരിത്രം വ്യക്തമാക്കുന്നു. വൈദ്യശാസ്ത്രം, ഗോളശാസ്ത്രം, രസതന്ത്രം, ഗണിതം തുടങ്ങിയ ഒട്ടേറെ ശാസ്ത്രശാഖകളിൽ പ്രാചീന മുസ്‌ലിം ശാസ്ത്രജ്ഞന്മാരുടെ പഠനങ്ങൾ അധുനിക കാലത്തുപോലും പ്രാമാണികമായി ഗണിക്കപ്പെടുന്നു. ഇബ്നുസീനാ, ഇബ്നു റുശ്ദ്, അബൂബക്കറിൽ ഖവാറസ്മി തുടങ്ങിയവർ ശാസ്ത്രചരിത്രത്തിൽ ലബ്ധപ്രതിഷ്ഠരായ മുസ്‌ലിം ശാസ്ത്രപടുക്കളത്രെ.

## ഖുർആനും ശാസ്ത്രവും

ഇസ്‌ലാമിലെ പ്രമാണ ഗ്രന്ഥമായ വിശുദ്ധ ഖുർആൻ ശാസ്ത്രീയനിരീക്ഷണത്തിനും ഗവേഷണ വിചിന്തനങ്ങൾക്കും നല്കിയ പ്രോത്സാഹനമാണ്. പ്രാചീ മുസ്‌ലിംകളിൽ ഇത്തരത്തിൽ ശാസ്ത്രാഭിരുചി വളർത്താൻ കാരണമായത്. സംഖ്യാതീതമായ പ്രാപഞ്ചിക പ്രതിഭാസങ്ങളെ ചൂണ്ടിക്കാണിച്ചുകൊണ്ട് അവയുടെ സൃഷ്ടിമാഹാത്മ്യത്തെയും ഘടനാ വൈശിഷ്ട്യത്തെയും കുറിച്ച് ചിന്തിക്കാൻ ഖുർആൻ അടിക്കടി ആഹ്വാനം ചെയ്യുന്നു."ഒട്ടകം എങ്ങനെ സൃഷ്ടിക്കപ്പെട്ടുവെന്ന് അവർ ചിന്തിക്കുന്നില്ലേ? ആകാശം എങ്ങനെ ഉയർത്തപ്പെട്ടിരിക്കുന്നുവെന്നും പർവതങ്ങൾ എങ്ങനെ നിർത്തപ്പെട്ടിരിക്കുന്നുവെന്നും ഭൂമി എങ്ങനെ നിരത്തപ്പെട്ടിരിക്കുന്നുവെന്നും (അവരാലോചിക്കുന്നില്ലേ)?" (88: 17–20). " ആകാശഭൂമികളുടെ സൃഷ്ടിപ്പിലും, രാപ്പകലുകളിലെ ഭ്രമണത്തിലും, ജനോപകാരത്തിനായി സമുദ്രത്തിൽ സഞ്ചരിക്കുന്ന കപ്പലുകളിലും, ആകാശത്തുനിന്ന് വർഷിക്കുകയും അങ്ങനെ ഭൂമിയെ –അത് മൃതാവസ്ഥയിലായിരുന്ന ശേഷം– സജീവമാക്കുകയും ചെയ്ത ജലത്തിലും കാറ്റുകളുടെ നിയന്ത്രണത്തിലും ആകാശഭൂമികൾക്കിടയിൽ അതീനമാക്കപ്പെട്ടു വർത്തിക്കുന്ന മേഘങ്ങളിലുമെല്ലാം ഗ്രഹിക്കുന്ന ജനങ്ങൾക്ക് ദൃഷ്ടാന്തങ്ങളുണ്ട്." (2: 164)

സൃഷ്ടികളെക്കുറിച്ച അന്വേഷണത്തിലൂടെ സ്രഷ്ടാവിനെ കണ്ടെത്തുവാൻ ആഹ്വാനം നൽകുന്നതിനിടയിൽ പലേടത്തും അതിസൂക്ഷ്മമായ ശാസ്ത്രീയ യാഥാർഥ്യങ്ങൾ ഗ്രഹിക്കാനുപയുക്തമായ സൂചനകൾ ഖുർആനിക സൂക്തങ്ങളുൾക്കൊള്ളുന്നുണ്ട്. ഖുർആൻ ഒരു ശാസ്ത്രഗ്രന്ഥമാണെന്ന് ഇതിനർഥമില്ല. ശാസ്ത്രീയ രഹസ്യങ്ങൾ വെളിപ്പെടുത്തുകയല്ല ഖുർആന്റെ അവതരണോദ്ദേശ്യവും. ശാസ്ത്രജ്ഞന്മാർ ഉന്നയിക്കുന്ന ഓരോ നവീന സിദ്ധാന്തങ്ങൾക്കുമൊപ്പിച്ച് ഖുർആനെ വ്യാഖ്യാനിക്കുകയും അതെല്ലാം പണ്ടുതന്നെ ഖുർആൻ പറഞ്ഞുകഴിഞ്ഞതാണെന്ന് ഉദ്ഘോഷിക്കുകയും ചെയ്യുന്നവരുടെ ഉദ്ദേശ്യം എന്തുതന്നെയായിരുന്നാലും അവരുടെ പ്രവൃത്തി നീതീകരിക്കത്തക്കതല്ല. മാറിക്കൊണ്ടിരിക്കുന്ന ശാസ്ത്രീയനിഗമനങ്ങൾക്കൊപ്പിച്ച് ഖുർആനെ വ്യാഖ്യാനിക്കാനൊരുമ്പെടുന്നവർ ഒരിക്കൽ പറഞ്ഞത് മാറ്റിപ്പറയാൻ പലപ്പോഴും നിർബന്ധിതരായിത്തീരാറുണ്ട്. എന്നാൽ ത്രികാലജ്ഞനായ അല്ലാഹുവിന്റെ വചനങ്ങളിൽ, ശാസ്ത്രകാരന്മാരുടെ നിഗമനങ്ങളിലെന്നപോലെ പ്രമാദം സംഭവിക്കുക അസാധ്യമത്രെ. മറിച്ച്, പ്രകൃതി സംബന്ധിയായ ഖുർആ

നിക പ്രതിപാദനങ്ങൾ ബാഹ്യവീക്ഷണത്തിൽ ശാസ്ത്രവിരുദ്ധമായി തോന്നിയേക്കാമെങ്കിലും ശാസ്ത്രം വളരുന്നതിനനുസരിച്ച് അവയിൽ പലതിന്റേയും വാസ്തവികത വെളിപ്പെട്ടതായാണനുഭവം. അപ്രകാരംതന്നെ വിവിധ ഖുർആൻ വാക്യങ്ങളിൽ അടങ്ങിയിട്ടുള്ള സൂക്ഷ്മ രഹസ്യങ്ങൾ ഗ്രഹിക്കുവാൻ ശാസ്ത്രജ്ഞാനം വലിയൊരളവോളം സഹായകമായി ഭവിക്കുന്നതാണ്. ശാസ്ത്രാഭ്യസനമടക്കമുള്ള ആധുനിക വിദ്യാഭ്യാസം കരസ്ഥമാക്കിയവർക്ക് പൗരാണിക രീതിയിലുള്ള മതവിദ്യാഭ്യാസം മാത്രം നേടിയവരെക്കാൾ സ്പഷ്ടവും വിശദവുമായി ഖുർആന്റെ നിസ്തുല മാഹാത്മ്യം ഗ്രഹിക്കാൻ കഴിയുന്നത് അതുകൊണ്ടാണ്. ഒട്ടേറെ ഉദാഹരണങ്ങളിലൂടെ ഇക്കാര്യം ഗ്രഹിക്കാവുന്നതാണ്.

## പ്രവർത്തന റിക്കാർഡ്

1. ഖുർആൻ പറയുന്നു:

"എല്ലാ വൃത്താന്തത്തിനും ഒരു നിർണിത സ്ഥാനമുണ്ട്. (അതെപ്പറ്റി) പിന്നീട് നിങ്ങൾ ഗ്രഹിക്കും" (6: 67)

"ഒരു വാക്കും അവൻ (മനുഷ്യൻ) ഉച്ചരിക്കുന്നില്ല; അവന്റെ അടുക്കൽ സജ്ജനായ ഒരു കാവൽക്കാരൻ (അതു രേഖപ്പെടുത്താൻ) ഉണ്ടായിട്ടല്ലാതെ." (50:18)

"അവർ പ്രവർത്തിച്ചതെല്ലാം ഏടുകളിലുണ്ട്; ചെറുതും വലുതുമായ എല്ലാം രേഖപ്പെടുന്നുമുണ്ട്." (54: 51–2)

മനുഷ്യർ ചെയ്യുന്ന പ്രവർത്തനങ്ങളും ഉച്ചരിക്കുന്ന വാക്കുകളുമെല്ലാം രേഖപ്പെടുത്തുന്നുണ്ടെന്നാണ് മേലുദ്ധരിച്ചതുപോലുള്ള നിരവധി 'ആയത്തു' കൾ വ്യക്തമാക്കുന്നത്. മനുഷ്യർ പ്രവർത്തിക്കുന്ന ഓരോ നന്മ തിന്മയും രേഖപ്പെടുത്താൻ മനുഷ്യനോടൊപ്പം ഓരോ 'മലക്കി' നെ നിയമിച്ചിരിക്കുന്നുവെന്നാണ് ഇതുസംബന്ധമായി മനസ്സിലാക്കപ്പെടുന്നത്. ഇതനുസരിച്ച്, നന്മയേയും തിന്മയേയും പ്രതിനിധീകരിക്കുന്ന പ്രത്യേകം മലക്കുകളുണ്ടോ, കോടിക്കണക്കായ മനുഷ്യരിൽ ഓരോരുത്തരോടും കൂടെ ഓരോ 'റഖീബും അതീദും' ഉണ്ടോ എന്നീ കാര്യങ്ങളെല്ലാം അവ്യക്തമാണ്. എന്നാൽ ഇന്ന് ശാസ്ത്ര വീക്ഷണത്തിലൂടെ മനുഷ്യന്റെ എല്ലാ വാക്കുകളും പ്രവൃത്തികളും റിക്കാർഡ് ചെയ്യുന്നുണ്ടെന്നുള്ള വസ്തുത കൂടുതൽ വ്യക്തമായിട്ടുണ്ട്. വായുമണ്ഡലത്തിൽ ഉണ്ടാക്കപ്പെടുന്ന ഓരോ ശബ്ദവും തരംഗങ്ങളായി സഞ്ചരിക്കുന്നു. പ്രസ്തുത തരംഗങ്ങൾ ശ്രവണേന്ദ്രിയങ്ങളിൽ പതിക്കുമ്പോഴാണ് ശബ്ദങ്ങൾ 'കേൾക്കു' ന്നത്. ഈ ശബ്ദ തരംഗങ്ങൾ സ്ഥിരമായി രേഖപ്പെടുത്തിവെക്കുവാനുള്ള ഉപകരണങ്ങൾ മനുഷ്യൻ കണ്ടുപിടിച്ചുകഴിഞ്ഞിട്ടുണ്ട്. ടേപ്പ്റിക്കാർഡർ, ഗ്രാമഫോൺ റിക്കാർഡ് തുടങ്ങിയവ ഇത്തരം ശബ്ദ ലേഖികളത്രെ. ശബ്ദങ്ങളുണ്ടാക്കപ്പെടുന്ന സമയത്തുതന്നെ റിക്കാർഡ് ചെയ്യുന്നതുപോലെ മുൻകാലങ്ങളിൽ ഉണ്ടാക്കപ്പെട്ട ശബ്ദങ്ങളും രേഖപ്പെടുത്താൻ കഴിയുമെന്ന് ശാസ്ത്രജ്ഞന്മാർ പ്രതീക്ഷിക്കുന്നുണ്ട്. ലോകോൽപ്പത്തിമുതൽക്ക് വായുമണ്ഡലത്തിൽ ഉണ്ടാക്കപ്പെട്ടിട്ടുള്ള ശബ്ദങ്ങളെല്ലാം തരംഗങ്ങളായി അന്തരീക്ഷത്തിൽ നിലകൊള്ളുന്നുണ്ടെന്നാണവർ വിശ്വസിക്കുന്നത്. അവ പ്രത്യേകം പ്രത്യേകം വേർതിരിച്ചെടുക്കാൻ കഴിയുന്നപക്ഷം മുമ്പു കഴിഞ്ഞുപോയ മഹാത്മാക്കളുടെയും ലോകനേതാക്കളുടെയുമെല്ലാം ഒറിജിനൽ ശബ്ദങ്ങൾ നമുക്ക് കേൾക്കാനും റിക്കാർഡ് ചെയ്തെടുക്കാനും സാധിക്കുമെന്നവർ കരുതുന്നു.

ഇവ്വിഷയകമായി നടത്തപ്പെടുന്ന പരീക്ഷണങ്ങൾ വിജയിക്കുന്ന പക്ഷം മനുഷ്യരുടെ ഓരോ ശബ്ദവും രേഖപ്പെടുത്താൻ അല്ലാഹു ചെയ്തുവെച്ചിട്ടുള്ള ഏർപ്പാടുകളുടെ യാഥാർത്ഥ്യം നിഷ്പ്രയാസം ഗ്രാഹ്യമാകുന്നതാണ്. ശബ്ദങ്ങളുടെ കാര്യത്തിലെന്നപോലെ ഓരോ മനുഷ്യജനനവും രേഖപ്പെടുത്താനുള്ള സജ്ജീകരണങ്ങളും അല്ലാഹുവിന്ന് ഏർപ്പെടുത്താൻ കഴിയുമെന്ന് തീർച്ചയാണ്.

## അദൃശ്യമായ അവലംബം

2. സൂറത്തുർറഅ്ദിൽ ഇപ്രകാരം പറയുന്നു: "നിങ്ങൾക്കു കാണാവുന്ന തൂണുകൾ കൂടാതെ ആകാശ (ഗോള) ങ്ങളെ ഉയർത്തിയവനാണള്ളാഹു." ഇതേ വസ്തുത സൂറത്തുലുഖ്മാനിൽ ഇങ്ങനെ കാണാം:

"നിങ്ങൾക്കു കാണാവുന്ന തൂണുകളില്ലാതെ ആകാശ(ഗോള) ങ്ങളെ അവൻ സൃഷ്ടിച്ചു."

മനുഷ്യൻ വസിക്കുന്ന ഭൂമിയുടെ ഉപരിഭാഗത്ത് കാണപ്പെടുന്ന സൂര്യചന്ദ്രാദി ഗ്രഹങ്ങളും പരസഹസ്രം നക്ഷത്രഗോളങ്ങളും ഒരാലംബവുമില്ലാതെ ആകാശത്ത് സ്ഥിതിചെയ്യുന്നത് പ്രാചീന മനുഷ്യന് അത്യന്തം അത്ഭുതജനകമായിരുന്നു. അക്കാര്യമാണ് ഖുർആൻ പ്രസ്തുത വാക്യങ്ങളിലൂടെ വ്യക്തമാക്കിയിട്ടുള്ളത്. (ആകാശം എന്നതിനു പുറമെ, സൂര്യചന്ദ്രാദി ഗോളങ്ങളെക്കുറിച്ചും വിവിധ സ്ഥലങ്ങളിൽ'സമാഅ്' എന്ന ശബ്ദം ഖുർആൻ പ്രയോഗിച്ചിട്ടുണ്ട്.) മനുഷ്യദൃഷ്ടിക്ക് ഗോചരമായ സ്ഥൂലരൂപത്തിലുള്ളഎന്തെങ്കിലും തൂണോ ചുമരോ അല്ല പ്രസ്തുത ഗോളങ്ങളെ താങ്ങിനിർത്തിയിട്ടുള്ളതെന്നും, പ്രത്യുത, മനുഷ്യന് 'കാണാൻ കഴിയാത്ത ഒരു പ്രത്യേക ശക്തിവിശേഷമാണ് അതിന് പിന്നിലുള്ളതെന്നു ഈ ആയത്തുകൾ സൂചിപ്പിക്കുന്നു. സർ ഐസക് ന്യൂട്ടൺ ആകർഷണ സിദ്ധാന്തം കണ്ടുപിടിക്കുകയും പിൽക്കാലത്ത് നടത്തപ്പെട്ട പരീക്ഷണങ്ങളിലൂടെ അത് സ്ഥിരീകരിക്കപ്പെടുകയും ചെയ്തതിനു ശേഷമാണ് ഈ ശക്തി എന്തെന്ന് മനുഷ്യന് ഗ്രഹിക്കാൻ കഴിഞ്ഞത്. സൂര്യനും ചന്ദ്രനും ഇതര ഗോളസഹസ്രങ്ങളുമെല്ലാം ആകർഷണ ശക്തിയാൽ പരസ്പരം ബന്ധിതമായിരിക്കുന്നതുകൊണ്ടാണവ അന്യോന്യം കൂട്ടിമുട്ടുകയോ തകർന്നു പോവുകയോ ചെയ്യാതെ യഥാസ്ഥിതം നിലകൊള്ളുന്നത്. ഖുർആൻ സൂചിപ്പിക്കുന്ന ഗോളങ്ങളെ താങ്ങിനിർത്താനുള്ള 'ദൃഷ്ടിഗോചരമല്ലാത്ത തൂണും' മറ്റൊന്നുമല്ല.

## സൂര്യനും ചന്ദ്രനും

3. "അവനാണ് സൂര്യനെ ഒരു തിളക്കവും ചന്ദ്രനെ ഒരു പ്രകാശവുമാക്കിയത്." (10: 5)

"അവയിൽ (ആകാശങ്ങളിൽ) അവൻ ചന്ദ്രനെ ഒരു പ്രകാശവും സൂര്യനെ ഒരു ദീപവുമാക്കി." (71:16)

"അതിൽ ഒരു ദീപത്തെയും പ്രകാശിക്കുന്ന ചന്ദ്രനെയും സൃഷ്ടിച്ചു." (25:61)

മേലുദ്ധരിച്ചതുപോലെ പലേടത്തും സൂര്യനേയും ചന്ദ്രനേയും കുറിച്ച് പ്രതിപാദിക്കാൻ ഖുർആൻ വ്യത്യസ്ത ശൈലി സ്വീകരിച്ചതായി കാണാം. പ്രകാശം പൊഴിക്കുന്ന രണ്ടു വസ്തുക്കളാണ് സൂര്യനും ചന്ദ്രനുമെങ്കിലും അവക്ക് വ്യത്യസ്ത രീതിയിലുള്ള വിശേഷണങ്ങളാണ് ഖുർആൻ പ്രയോഗിക്കുന്നത്. സൂര്യനെ 'തിളക്കം', 'ദീപം' എന്നും ചന്ദ്രനെ 'പ്രകാശം', 'പ്രകാശിക്കുന്നത്' എന്നും വിശേഷിപ്പിച്ചിരിക്കുന്നു. ചന്ദ്രനിൽനിന്ന് വ്യത്യസ്തമായി, തിളങ്ങുകയും പ്രകാശമുളവാക്കുകയും ചെയ്യുന്ന ഒന്നായിട്ടാണ് സൂര്യനെ കാണുന്നതെന്നർഥം. പദപ്രയോഗത്തി

ലുള്ള അതി സൂക്ഷ്മമായ ഈ വൈവിധ്യം മുഖേന ഖുർആൻ ധ്വനിപ്പിക്കുന്ന ഈ വ്യത്യാസം നിഷ്പ്രയാസം ഗ്രഹിക്കാൻ ശാസ്ത്രജ്ഞാനം സഹായിക്കുന്നു. അനേകായിരം ഡിഗ്രി ഊഷ്മാവിൽ ജ്വലിച്ചുകൊണ്ടിരിക്കുകയും ചൂടും പ്രകാശവും വികിരണം നടത്തുകയും ചെയ്യുന്ന ഒരു വാതക സംഘാതമാണ് സൂര്യനെന്നും, ചന്ദ്രൻ സ്വന്തം ഉപരിതലത്തിൽ പതിക്കുന്ന സൂര്യ രശ്മികളുടെ ശോഭയിൽ പ്രകാശിക്കുന്നതായി കാണപ്പെടുകയാണ് ചെയ്യുന്നതെന്നും ശാസ്ത്ര സഹായത്തോടെ ഇന്ന് നാം മനസ്സിലാക്കുന്നു.

## പർവ്വതങ്ങൾ

4. "അവനാണ് ഭൂമിയെ വിസ്തൃതമാക്കുകയും അതിൽ ഉറപ്പിക്കുന്ന (വയായി പർവതങ്ങളെ) സൃഷ്ടിക്കുകയും ചെയ്തത്."(റഅ്ദ്)

"ഭൂമി നിങ്ങളെ ചരിച്ചുകളയാതിരിക്കാൻ അതിൽഉറപ്പായ പർവതങ്ങളെ അവൻ ഉണ്ടാക്കിവെച്ചു. " (ലുഖ്മാൻ)

ആരംഭത്തിൽ തിളച്ചുമറിയുന്ന ഒരഗ്നിഗോളമായിരുന്ന ഭൂമിയുടെ ഉപരിതലം ദശലക്ഷക്കണക്കിൽ വർഷങ്ങൾകൊണ്ട് അല്പാല്പമായി ഉറച്ചുകട്ടിയായപ്പോൾ അതിലെ വിവിധ ഭാഗങ്ങൾ ചുങ്ങിച്ചുരുങ്ങുകയും ഉൾവലിയുകയും മറ്റും ചെയ്തതിന്റെ ഫലമായാണ് ചില സ്ഥലങ്ങൾ കുഴിഞ്ഞ് സമുദ്രങ്ങളും മറ്റു ചിലയിടങ്ങളിൽ ഉയർന്ന് കുന്നുകളും മലകളുമെല്ലാമുണ്ടായിത്തീർന്നതെന്നാണ് ശാസ്ത്രമതം. പക്ഷെ, പർവതങ്ങൾ ഉണ്ടായിത്തീർന്നതെങ്ങനെയെന്നല്ലാതെ അവയുടെ ആവശ്യകത എന്തെന്നതിനെക്കുറിച്ച് മനുഷ്യന് വ്യക്തമായെന്തെങ്കിലും പറയാൻ കഴിഞ്ഞിരുന്നില്ല. ഭൂമി ചായുകയും ചരിയുകയും ചെയ്യാതിരിക്കാനും അതിനെ ദൃഢമായി ഉറപ്പിച്ചുനിർത്താനും വേണ്ടിയാണ് പർവതങ്ങൾ സൃഷ്ടിക്കപ്പെട്ടതെന്ന ഖുർആന്റെ പ്രസ്താവം വിശദീകരിക്കുവാൻ ഖുർആൻ വ്യാഖ്യാതക്കൾക്കും സാധിച്ചിരുന്നില്ല.

എന്നാൽ ഭൂചലനം, അഗ്നി പർവത സ്ഫോടനം എന്നിവയെക്കുറിച്ച പഠനങ്ങളിലും ജിയോളജി തുടങ്ങിയ ശാസ്ത്ര ശാഖകളിലുമുണ്ടായ പുരോഗതി പ്രസ്തുത രഹസ്യത്തിലേക്ക് വെളിച്ചം വീശുന്നു. ഉള്ളിലെ ദ്രവരൂപത്തിലുള്ള ലാവയെ ആവരണം ചെയ്തിരിക്കുന്ന ഭൂവല്ക്കം എല്ലായിടത്തും ഒരേ കനത്തിലല്ല ഉള്ളത്. മണ്ണും മണലും പാറയും വിവിധ ലോഹ ധാതുക്കളും കലർന്ന അടുക്കുകളായി സ്ഥിതി ചെയ്യുന്ന ഈ പുറന്തോട് ചിലയിടങ്ങളിൽ വളരെ കട്ടിയുള്ളതാണെങ്കിൽ മറ്റു ചിലയിടങ്ങളിൽ തീരെ കനം കുറഞ്ഞതാണ്. ഇങ്ങനെ കനം കുറഞ്ഞ ഭാഗങ്ങൾക്ക് മീതെയാണ് പർവതങ്ങൾ സ്ഥിതിചെയ്യുന്നത്. ഉറച്ച പുറന്തോടിനകത്ത് സദാ തിളച്ചുമറിഞ്ഞുകൊണ്ടിരിക്കുന്ന ഉഷ്ണ ദ്രാവകം തിങ്ങിഞെരുങ്ങി, പുറന്തോടിൽ സമ്മർദ്ദം ചെലുത്തിക്കൊണ്ടിരിക്കുന്നു. ഭൂവൽക്കത്തിന് കനംകുറഞ്ഞ ഭാഗങ്ങളിലൂടെ ശക്തിയായി ബഹിർഗമിക്കുവാനുള്ള അതിന്റെ ശ്രമം നിമിത്തമാണ് ഭൂകമ്പം, അഗ്നിപർവത സ്ഫോടനം മുതലായവയുണ്ടാകുന്നത്. ഇങ്ങനെ പുറന്തോടിന് ശക്തി കുറവായേടങ്ങളിൽ ഭൂചലനങ്ങളും പ്രകമ്പനങ്ങളും ലാവാ പ്രവാഹവും ഉണ്ടാകാതെ സംരക്ഷിക്കുന്നവയാണ് പർവതങ്ങൾ. ഭൂവുപരിതലം ചരിയുകയും കീഴ്മേൽ മറിയുകയും ഇളകുകയും മറ്റും ചെയ്യാതിരിക്കാനാണ് പർവതങ്ങൾ സ്ഥാപിക്കപ്പെട്ടിരിക്കുന്നതെന്ന് ഖുർആന്റെ പ്രസ്താവന ഈയടിസ്ഥാനത്തിൽ മനസ്സിലാക്കാൻ പ്രയാസമില്ല.

"അല്ലാഹു എല്ലാ ജീവികളേയും ജലത്തിൽനിന്നു സൃഷ്ടിച്ചു" (24: 43)

"അവൻ നിങ്ങളെ വിവിധ ഘട്ടങ്ങളിലായി സൃഷ്ടിച്ചിരിക്കുന്നു." (71: 14)

"അവർ യാതൊരു വസ്തുവും ഇല്ലാതെ (ശൂന്യതയിൽനിന്ന്) ആണോ സൃഷ്ടിക്കപ്പെട്ടത്?"(52: 35)

"ആകാശഭൂമികൾ(ആദിയിൽ) കൂടിച്ചേർന്നായിരുന്നു, എന്നിട്ട് നാമതിനെ പിളർത്തി എന്ന് അവിശ്വാസികൾ അറിയുന്നില്ലേ? " (21:30)

"നിങ്ങൾക്കറിയാത്തവരേയും അവൻ സൃഷ്ടിക്കുന്നു." (16:8)

ഇപ്രകാരം വിശദീകരിക്കാവുന്ന ആയത്തുകൾ ഖുർആനിൽ വളരെയുണ്ട്. ലേഖനദൈർഘ്യം ഭയന്ന് അവയെക്കുറിച്ച ചർച്ചക്ക് ഇവിടെ തുനിയുന്നില്ല.

ഉപര്യുക്ത ഉദാഹരണങ്ങൾക്ക് പുറമെ ദൈവാസ്തികൃത്തിന്നും ഏകദൈവത്തിന്നും ദൃഷ്ടാന്തമായി ഖുർആൻ ചൂണ്ടിക്കാട്ടുന്ന പ്രാപഞ്ചിക തെളിവുകളുടെ ഔചിത്യവും പ്രാമാണികതയും ഗ്രഹിക്കുന്നതിനും ശാസ്ത്രപഠനം അത്യധികം സഹായിക്കുന്നുണ്ട്. ആകാശം, ഭൂമി, സൂര്യ-ചന്ദ്ര- നക്ഷത്രങ്ങൾ, സമുദ്രം, മഴ, കാറ്റ്, സസ്യങ്ങൾ, ജീവികൾ, മനുഷ്യർ എന്നിവയുടെയെല്ലാം സംവിധാനവും അവയൊന്നടങ്കം അനുസരിച്ചു പോരുന്ന സുഭദ്രവും ബുദ്ധിപൂർവകവുമായ വ്യവസ്ഥയുമെല്ലാം ദൈവ ദൃഷ്ടാന്തങ്ങളാണെന്ന് ഖുർആൻ അവകാശപ്പെടുന്നു. പ്രാപഞ്ചിക പ്രതിഭാസങ്ങളെക്കുറിച്ച മനുഷ്യവിജ്ഞാനം അതീവ പരിമിതമായിരുന്ന മുൻ കാലങ്ങളേക്കാൾ പദാർത്ഥ ഘടനയെയും പ്രപഞ്ചോൽഭവത്തെയും നക്ഷത്രവ്യൂഹങ്ങളെയും കുറിച്ച് വളരെയേറെ അറിവുകൾ സ്വായത്തമാക്കിയിട്ടുള്ള ആധുനിക മനുഷ്യനെസംബന്ധിച്ചിടത്തോളം പ്രസ്തുത ദൃഷ്ടാന്തങ്ങളുടെ പ്രമാണമൂല്യം പതിന്മടങ്ങ് വർദ്ധിച്ചിട്ടുണ്ടെന്നതിൽ പക്ഷാന്തരമില്ല.

"ചക്രവാളങ്ങളിലും അവരിൽതന്നെയും നമ്മുടെ ദൃഷ്ടാന്തങ്ങൾ അവർക്ക് നാം കാണിച്ചുകൊടുക്കുന്നതാണ്; അത് യാഥാർഥ്യം തന്നെയെന്ന് അവർക്ക് വ്യക്തമാകുവോളം "- ഖുർആന്റെ ഈ പ്രസ്താവന നൂറ്റാണ്ടുകൾക്കു മുമ്പുള്ള മനുഷ്യരെയപേക്ഷിച്ച് ഇരുപതാം നൂറ്റാണ്ടിൽ ജീവിക്കുന്നവർക്ക് കൂടുതൽ ഗ്രാഹ്യമാണ്. ഒരു സൂചിമുനയോളം വരുന്ന അണ്ഡവും അതിന്റെ അൻപതിലൊന്നുമാത്രം വലുപ്പമുള്ള പുരുഷബീജവും തമ്മിലുള്ള അത്ഭുതകരമായ സംയോജനം, അതീവ ചാതുരിയോടും വൈദഗ്ധ്യത്തോടും കൂടി സംവിധാനം ചെയ്യപ്പെട്ടിരിക്കുന്ന സവിശേഷ സാഹചര്യത്തിൽ ഭ്രൂണത്തിന്റെ ക്രമാനുഗതമായ വളർച്ച, ശിശു ഭൂസ്പർശം ചെയ്തതു മുതൽ അതിന്റെ വളർച്ചക്കും ജീവിതനിലനിൽപിനുമായി ശരീരത്തിൽ നിക്ഷേപിക്കപ്പെട്ടിരിക്കുന്ന ശക്തിവിശേഷങ്ങൾ, കോടാനുകോടി ജീവസെല്ലുകളുടെ ഒന്നുചേർന്നുള്ള പ്രവർത്തനം, അവയവഘടന, നാഡീസഞ്ചയം, പേശീവ്യൂഹം ജാരണാവയവങ്ങൾ രക്തപരിക്രമണം എന്നിവയുടെ സങ്കീർണത, മസ്തിഷ്കം, ഹൃദയം തുടങ്ങിയ അത്ഭുത പ്രതിഭാസങ്ങൾ—ഇങ്ങനെ 'അവരിൽതന്നെയുള്ള ദൃഷ്ടാന്തങ്ങൾ' ഒന്നൊന്നായി ശാസ്ത്രം വെളിപ്പെടുത്തിക്കൊണ്ടിരിക്കുകയാണ്. ഗോളശാസ്ത്രത്തിലും ബഹിരാകാശ ഗവേഷണത്തിലും കഴിഞ്ഞ ദശകങ്ങളിലുണ്ടായ പുരോഗതി 'ചക്രവാളങ്ങളിലെ' ഒട്ടനവധി ദൈവികദൃഷ്ടാന്തങ്ങൾ മനുഷ്യന് പരിചയപ്പെടുത്തിയിട്ടുണ്ട്. ശാസ്ത്രത്തിന്റെ വിജ്ഞാനസീമ വികസിക്കുന്തോറും ഖുർആൻ കൂടുതൽ വിശദമായും സൂക്ഷ്മമായും ഗ്രഹിക്കുവാൻ സഹായകമായ കണ്ടുപിടുത്തങ്ങൾ ഇനിയും ഉണ്ടാകുമെന്ന് ധരിക്കുന്നതിൽ അപാകതയില്ല.

●